**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 101** **01-02-2023 - ൽ മറുപടിയ്ക്ക്**

**പോലീസ് സേനയിലെ ക്രിമിനല്‍ കേസില്‍പെട്ടവരുടെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എന്‍ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പോലീസ് സേനയില്‍ ക്രിമിനല്‍ കേസുകളില്‍പെട്ടവര്‍ക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കില്‍ വിശദാംശം നല്‍കാമോ; | (എ) | അഴിമതി, നിയമവിരുദ്ധ പ്രവര്‍ത്തനം, മാഫിയ ബന്ധം തുടങ്ങിയവയില്‍ ആരോപണവിധേയരായ പോലീസ് ഉദ്യോഗസ്ഥരുടെ പ്രവര്‍ത്തനങ്ങള്‍ സംസ്ഥാന ഇന്റലിജന്‍സും, ജില്ലാ സ്പെഷ്യല്‍ ബ്രാഞ്ചും സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നുണ്ട്. കേസുകളിലെ പങ്കാളിത്തം കുറ്റകൃത്യങ്ങളുടെ കാഠിന്യം എന്നിവയുടെ അടിസ്ഥാനത്തില്‍ ക്രിമിനല്‍ പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുന്ന പോലീസുകാരെ കണ്ടെത്തി പുറത്താക്കല്‍ ഉള്‍പ്പെടെ ശക്തമായ വകുപ്പുതല നിയമ നടപടികള്‍ സ്വീകരിച്ചുവരുന്നു. |
| (ബി) | പോലീസ് സേനയില്‍ ക്രിമിനല്‍ കേസില്‍പെട്ടവരുടെയും ഗുണ്ടകളുമായി ബന്ധമുള്ളവരുടെയും ജില്ല തിരിച്ചുള്ള പട്ടിക തയ്യാറാക്കാന്‍ നിര്‍ദ്ദേശം നല്‍കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | ചട്ടപ്രകാരം നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ക്രിമിനല്‍ കേസില്‍പ്പെട്ട പോലീസ് ഉദ്യോഗസ്ഥര്‍ എത്രയാണെന്ന് പോലീസ് സ്റ്റേഷന്‍ തിരിച്ചു വ്യക്തമാക്കാമോ ; ഇവര്‍ ഉള്‍പ്പെട്ട കേസുകളുടെ സ്വഭാവം വ്യക്തമാക്കാമോ; | (സി) | സേനയുടെ വിവിധ യൂണിറ്റുകളില്‍ നിന്നും പോലീസ് സ്റ്റേഷനുകളില്‍ ഉള്ളവരുടേതു മാത്രമായ സസ്പെന്‍ഷന്‍ വിവരങ്ങള്‍ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |
| (ഡി) | സംസ്ഥാനത്ത് ഇപ്പോള്‍ എത്ര പോലീസ് ഉദ്യോഗസ്ഥര്‍ സസ്പെന്‍ഷനില്‍ കഴിയുന്നുണ്ടെന്ന് പോലീസ് സ്റ്റേഷന്‍ തിരിച്ചു വ്യക്തമാക്കാമോ; എത്രകാലമായി ഇവര്‍ സസ്പെന്‍ഷനില്‍ കഴിയുന്നു എന്നും അവര്‍ ചെയ്ത കുറ്റം എന്താണെന്നും വ്യക്തമാക്കാമോ? | (ഡി) | സേനയുടെ വിവിധ യൂണിറ്റുകളില്‍ നിന്നും പോലീസ് സ്റ്റേഷനുകളില്‍ ഉള്ളവരുടേതു മാത്രമായ സസ്പെന്‍ഷന്‍ വിവരങ്ങള്‍ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷന്‍ ഓഫീസര്‍